# പ്രധാനധ്യാപക യോഗം

## ചെർപ്പുളശ്ശേരി സബ്ജില്ല

സ്ഥലം :ബി.ആർ.സി ചെർപ്പുളശ്ശേരി തിയ്യതി :23-01-2018

അജണ്ട

- അക്കാദമിക മാസ്റ്ററർ പ്ലാൻ
- രക്ഷാകർതൃപരിശീലനം
- ശ്രദ്ധ
- LSS/USS പരീക്ഷ 2017-18
- TEXT BOOK 2018-19
- SSA പരിപാടികൾ
- NAS -RESULT
- മറ്റ് അറിയിപ്പുകൾ

പുതുവർഷ(2018)ത്തിലെ ആദ്യത്തെ പ്രധാനധ്യാപക യോഗം 23-01-2018 ചെർപ്പുളശ്ശേരി ബി.ആർ.സി. യിൽ വെച്ച് ചേരുകയുണ്ടായി.എച്ച്.എം ഫോറം കൺവീനർ ശ്രീ.മോഹൻദാസ് മാസ്റ്റർ സ്വാഗതം പറഞ്ഞുകൊണ്ട് യോഗത്തിന് തുടക്കമായി.





ആദ്യമായി എ.ഇ.ഒ ജയരാജൻ മാസ്ററർ പുതിയ NMO ഷിബു സാറിനെ പരിചയപ്പെടുത്തി.തുടർന്ന് ഷിബു സാർ ഉച്ചഭക്ഷണ പരിപാടിയുമായി ബന്ധപ്പെട്ടുള്ള രേഖകൾ തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ച് വിശദീകരിച്ചു.പ്രധാനധ്യാപകർ അവരുടെ സംശയങ്ങളും അഭിപ്രായങ്ങളും അവതരിപ്പിച്ചു.ജയരാജൻ മാസ്റ്റർ ഇടപെട്ടുകൊണ്ട് ക്രോഡീകരണം നടത്തി.

ശേഷം ഡയറ്റ് ഫാക്കൽറ്റി രാജേന്ദ്രൻ മാസ്ററർ ഇന്നത്തെ യോഗത്തിന്റെ അജണ്ട വിശദീകരിച്ചു.

1.അക്കാദമിക മാസ്റ്റർ പ്ലാൻ

അക്കാദമിക മാസ്റ്റർ പ്ലാനുമായി ബന്ധപ്പെട്ട് പഞ്ചായത്ത് തലത്തിൽ നടത്തിയ ആദ്യകൂടിയിരുപ്പിന്റെ പ്രവർത്തനങ്ങൾ അവതരിപ്പിച്ചു.

ചെർപ്പുളശ്ശേരി:- എ.എൽ.പി.എസ് ചെർപ്പുളശ്ശേരി എച്ച്.എം കൃഷ്ണദാസ് മാസ്റ്റർ മുൻസിപ്പാലിറ്റി തലത്തിൽ നടത്തിയ യോഗത്തിന്റെ വിശദാംശങ്ങൾ അവതരിപ്പിച്ചു. അക്കാദമിക മാസ്റ്റർ പ്ലാനിന്റെ ഘടന,ഉള്ളടക്കം എന്നിവയെക്കുറിച്ച് ധാരണയാക്കി വിലയിരുത്തൽ സൂചകങ്ങളുടെ അടിസ്ഥാനത്തിൽ വേണ്ട മെച്ചപ്പെടുത്തലുകൾ നടത്തി ജനവരി 31 ന് മുൻപായി ഒന്നു കൂടി കൂടിയിരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

വെള്ളിനേഴി:-10-01-2018 ന് വെള്ളിനേഴി പഞ്ചായത്തിൽ നടന്ന കൂടിയിരുപ്പിന്റെ പ്രവർത്തനാവലോകനം ഇംപ്ലിമെന്റിംഗ് ഓഫീസർ കൂടിയായ രാമൻകുട്ടി മാസ്റ്റർ അവതരിപ്പിച്ചു.അടുത്ത കൂടിയിരുപ്പ് 29-1-2018 ന് നടക്കും.അക്കാദമിക മാസ്റ്റർ പ്ലാൻ വളരെയധികം സമയം എടുത്ത് നടത്തേണ്ട ഒന്നാണെന്നും ഏപ്രിൽ,മെയ് മാസങ്ങളിലാണ് ഇതു തയ്യാറാക്കുന്നതെങ്കിൽ അധ്യയന സമയം നഷ്ടപ്പെടുത്താതെ വളരെ ഫലപ്രദമായി തയ്യാറാക്കാൻ സാധിക്കുമായിരുന്നു എന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ശ്രീകൃഷ്ണപുരം :-16-01-2018 ന് നടന്ന പി.ഇ.സി യിൽ ഓരോ വിദ്യാലയവും തയ്യാറാക്കിയ കരട് അവതരിപ്പിക്കുകയും വിലയിരുത്തൽ സൂചകങ്ങളുടെ അടിസ്ഥാനത്തിൽ മെച്ചപ്പെടുത്തി ഫെബ്രുവരി

1 ആകുമ്പോഴേക്കും ഡി.ടി.പി എടുത്ത് പൊതുജനസമക്ഷം അവതരിപ്പിക്കാം എന്ന ധാരണയിലാണ് പിരിഞ്ഞതെന്നും ദേവരാജൻ മാസ്റ്റർ സൂചിപ്പിച്ചു.

പൂക്കോട്ടുകാവ്:-12-01-2018 ന് നടന്ന പി.ഇ.സി യിൽ ഓരോ വിദ്യാലയവും തയ്യാറാക്കിയ കരട്അവതരിപ്പിക്കുകയും വിലയിരുത്തൽ സൂചകങ്ങളുടെ അടിസ്ഥാനത്തിൽ മെച്ചപ്പെടുത്താമെന്ന തീരുമാനത്തിലാണ് പിരിഞ്ഞതെന്നും ശ്രീകുമാരൻ മാസ്റ്റർ അവതരിപ്പിച്ചു.

കരിമ്പുഴ:-17-01-2018 ന് കൂടിയ പി.ഇ.സി യുടെ വിശദാംശങ്ങൾ ഉണ്ണികൃഷ്ണൻ മാസ്റ്റർ അവതരിപ്പിച്ചു.എല്ലാ വിദ്യാലയങ്ങളും കരട് തയ്യാറാക്കി അവതരിപ്പിച്ചു.മെച്ചപ്പെടുത്തലുകൾ നടത്തി ജനുവരി 30 ന് മുൻപ് ഒന്നുകൂടി പി.ഇ.സി കൂടാൻ തീരുമാനിച്ചിട്ടുണ്ട്.

കടമ്പഴിപ്പുറം:-12-01-2018 ന് നടത്തിയ പി.ഇ.സി യോഗത്തിന്റെ വിശദാംശങ്ങൾ ശശി മാഷ് അവതരിപ്പിച്ചു.ഒട്ടുമിക്ക വിദ്യാലയങ്ങളും കരട് തയ്യാറാക്കിയിട്ടുണ്ട്.അക്കാദമിക മാസ്റ്റർ പ്ലാൻ ഘടന വിശദമായി ചർച്ച ചെയ്തു.പഞ്ചായത്തിന്റെ ഭാഗത്തു നിന്ന് കാര്യക്ഷമമായ ഇടപെടലുകളൊന്നും ഉണ്ടായില്ലെങ്കിലും പൂർണ സമയം പങ്കാളികളായിരുന്നു.ഫെബ്രുവരി 1 ന് മാസ്റ്റർപ്ലാൻ പ്രകാശനം നടത്തമെന്ന തീരുമാനത്തിലാണ് പിരിഞ്ഞത്.

തുടർന്ന് നടന്ന ചർച്ചയിൽ അധ്യാപകരുടെ സംശയങ്ങൾക്ക് മറുപടിയായി അക്കാദമിക മാസ്റ്റർ പ്ലാനിന്റെ ഉള്ളടക്കം,ഘടന, എല്ലാ വിദ്യാലയവും ഉൾപ്പെടുത്തേണ്ട പ്രധാന അക്കാദമിക പ്രവർത്തനങ്ങൾ(വിഷയാടിസ്ഥാനത്തിൽ/മേഖലാടിസ്ഥാനത്തിൽ)എന്നിവ ക്രോഡീകരിച്ചുകൊണ്ട് രാജേന്ദ്രൻ മാസ്റ്റർ സംസാരിച്ചു.ഇപ്പോൾ തയ്യാറാക്കുന്ന മാസ്റ്റർ പ്ലാൻ അന്തിമമല്ലെന്നും ആവശ്യമായ കൂട്ടിച്ചേർക്കലുകൾ എപ്പോൾ വേണമെങ്കിലും നടത്താമെന്നും ഫെബ്രുവരി 1 ന് തന്നെ എല്ലാ വിദ്യാലയങ്ങൾക്കും പൊതുജന സമക്ഷത്തിൽ അവതരിപ്പിക്കാൻ കഴിയണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ശേഷം എ.ഇ.ഒ ജയരാജൻ മാസ്റ്റർ ഫെബ്രുവരി 1 ന് എല്ലാ വിദ്യാലയത്തിലും നടക്കേണ്ട പ്രക്രിയകളെക്കുറിച്ചും ,ചാനൽ കവറേജ്(വാർത്താ പ്രാധാന്യം)ഡോക്യുമെന്റേഷൻ,അക്കാദമിക പ്ലാൻ ഡിജിറ്റൽ കോപ്പി -ആവശ്യകത എന്നിവയെക്കുറിച്ചും വിശദീകരിച്ചു.



ഇടവേളയ്ക്കു ശേഷം രാമൻകുട്ടി മാസ്റ്റർ മലയാളം വായനാ പരിപോഷണത്തിന് വേണ്ടി തയ്യാറാക്കിയ പ്രവർത്തനങ്ങൾ അവതരിപ്പിച്ചു.കുട്ടികളുടെ പോസ്റ്റ് ഓഫീസ്,ഡയറിക്കുറിപ്പ് പ്രകാശനം,നാടകക്കൂട്ടം,കവിതക്കൂട്ടം,ഞാനൊരു കഥ പറയാം,ആംഗ്യപ്പാട്ടുകൂട്ടം,പ്രസംഗ സംഘം,ഫാന്റസി പതിപ്പ് തുടങ്ങി മുപ്പത്തിരണ്ടോളം പ്രവർത്തനങ്ങൾ വിശദീകരിക്കുകയുണ്ടായി.

2.രക്ഷാകർതൃപരിശീലനം

പൊതുവിദ്യാഭ്യാസ സംരക്ഷണവുമായി ബന്ധപ്പെട്ട രക്ഷാകർതൃ ശാക്തീകരണത്തിന്റെ ഉള്ളടക്കം,നടത്തിപ്പു രീതി,പ്രാധാന്യം എന്നിവ ചർച്ച ചെയ്തു.

3.SSA അറിയിപ്പുകൾ

അക്കാദമിക മാസ്റ്റർ പ്ലാൻ പ്രഖ്യാപനം,രക്ഷാകർതൃ പരിശീലനം എന്നീ വേദികൾ മലയാളത്തിളക്കം പ്രഖ്യാപനത്തിനുകൂടി ഉപയോഗപ്പെടുത്തണമെന്ന് ബി.പി.ഒ രാമകൃഷ്ണൻ മാസ്റ്റർ ഓർമ്മപ്പെടുത്തി.ഗണിത വിജയം,SSA fund utilisation,UC,SSA fund audit,ശാലാസിദ്ധി എന്നിവയുമായി ബന്ധപ്പെട്ട അറിയിപ്പുകൾ നടത്തി.

4.<u>LSS/USS EXAM</u>

LSS/USS പരീക്ഷാ പരിശീലനം ചർച്ച ചെയ്തു.

5.<u>ശ്രദ്ധ</u>

എച്ച്.എസ്,യു.പി,എൽ.പി തലങ്ങളിൽ നടത്തിയ ശ്രദ്ധ പ്രവർത്തനങ്ങൾ ഓരോ വിദ്യാലയം വീതം അവതരിപ്പിച്ചു.എല്ലാ വിദ്യാലയങ്ങളും തയ്യാറാക്കി കൊണ്ടുവന്ന ശ്രദ്ധ റിപ്പോർട്ട് ശേഖരിച്ചു.ചെർപ്പുളശ്ശേരി സബ്ജില്ലയിൽ 851 കുട്ടികളാണ് ശ്രദ്ധ പരിപാടിയിൽ പങ്കെടുത്തിട്ടുള്ളത്.ഇത് തുടർന്നുകൊണ്ടു പോകേണ്ട പ്രവർത്തനമാണെന്നും റിസൽട്ട് അവലോകനം നടത്തി ഡോക്യുമെന്റ് ചെയ്യുന്നതിലേക്ക് ഗുണാത്മക തെളിവുകൾ ബി.ആർ.സി യിലേയ്ക്ക് mail ചെയ്യേണ്ട കാര്യവും അവതരിപ്പിച്ചു.

6.<u>എ.ഇ.ഒ തല അറിയിപ്പുകൾ</u>

7.<u>ഫുട്ബോൾ ടൂർണ്ണമെന്റ്</u>

ഫെബ്രുവരി 3 ന് നടക്കുന്ന ചെർപ്പുളശ്ശേരി ഉപജില്ല യു.പി സ്കൂൾ ഫുട്ബോൾ ടൂർണ്ണമെന്റുമായി ബന്ധപ്പെട്ട് അറിയിപ്പുകൾ നടന്നു.

എച്ച്.എം ഫോറം ജോയിന്റ് കൺവീനർ ശ്രീ.ഉണ്ണികൃഷ്ണൻ മാസ്റ്റർ എല്ലാവർക്കും നന്ദി പറഞ്ഞുകൊണ്ട് രണ്ടു മണിയോടുകൂടി പ്രധാനധ്യാപക യോഗം അവസാനിച്ചു.

**<u>23.1.2018 ന് നടന്ന HM conference ൽ AEO വിൽ നിന്നുള്ള അറിയിപ്പുകൾ</u>**

**Section A:**

- Audit നടത്തിയ വിദ്യാലയങ്ങളുടെ Objetions – ഉടൻ മറുപടി നൽകുക.
- Expenditure , Noonmeal എന്നിവ സംബന്ധിച്ചുള്ള online entry ഓരോ മാസവും കൃത്യസമയത്തു പൂർത്തിയാക്കണം

**Section B**

- Govt സ്കൂളുകൾ എല്ലാ മാസവും വേക്കൻസി റിപ്പോർട്ട് സെക്ഷനിൽ നൽകണം
- **<u>AEO വിന്റെ വെബ്സൈറ്റിൽ മാറ്റങ്ങൾക്കനുസരിച്ച് ഇക്കാര്യങ്ങൾ update ചെയ്യുകയും വേണം.</u>**

**Section C**

- Aided managers- ആസ്തിബാദ്ധ്യത statement നിശ്ചിത ഫോർമാറ്റൽ ഉടൻ സമർപ്പിക്കുക. 19.1.18 ന് ഈ വിവരം എല്ലാ HMs നും മെയിൽ ചെയ്തിട്ടുണ്ട്. ഫോമുകൾ http://lokayuktakerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.
- Uniform 2017-18 : Utilisation certificate ഉടൻ സമർപ്പിക്കുക **<u>(വളരെ അടിയന്തിരം)</u>**
- English Medium schools- Report (19.1.18 ന് മെയ്ൽ ചെയ്തിട്ടുണ്ട്) -proforma യിൽ സമർപ്പിക്കുക

**Section D:**

2017-18 ലെ ഡി.പി.ഐ അംഗീകരിച്ച ഫ്രഷ് ഐ.ഇ.ഡി.സി കുട്ടികളുടെ പട്ടിക watsup/mail ചെയ്തിട്ടുണ്ട്. ആയത് പരിശോധിച്ച് പ്രസ്തുത കുട്ടികളുടെ ബാങ്ക് അക്കൗണ്ട് നമ്പർ, ബാങ്കിന്റെ പേര്, ബ്രാഞ്ച്, ഐ.എഫ്.എസ്.സി കോഡ് (Photocopy of front page of passbook) എന്നിവ ഒരാഴ്ചക്കകം നേരിട്ട് 'ഡി' സെക്ഷനെ ഏൽപ്പിക്കേണ്ടതാണ്

**Section E:**

- **Sanskrit Scholarship Exam 2018 January 30 ന് നടക്കുന്നു**. സെന്റർ HSS Sreekrishnapuram. വിശദ അതാത് സംസ്കൃതം അദ്ധ്യാപകരിൽ നിന്നും ലഭ്യമാകും.
- LSS/USS പരീക്ഷ 2018 February 24 ന്. പരീക്ഷാസെന്ററുകൾക്ക് മാറ്റമില്ല.
- കുട്ടികൾക്ക് പരിശീലനം നടത്തണം. USS ന്റെ OMR sheet പരിചയപ്പെടുത്തണം.
- ഇതിനാവശ്യമുള്ള ചോദ്യ പേപ്പറികളുടെ മാതൃക വെബ്ബസേറ്റിൽ ലഭ്യമാണ്. Invigilators (Exam & Valuation) list HM മാരിൽ നിന്നും ശേഖരിച്ചു.
- BIMS ൽ maintanance grant വന്നിട്ടുണ്ടെങ്കിൽ വിവരം അതാതു സെക്ഷനിൽ അറിയിക്കുക

**Section F:**
താഴെ കൊടുത്ത കാര്യങ്ങളെക്കുറിച്ച് ഇനിയും വിവരം നൽകാനുള്ളവർ ഉടനെ സെക്ഷനിൽ അറിയിക്കണം

- സ്കൂളുകളിൽ നില നിൽക്കുന്ന വിവിധ എൻഡോവ്മെന്റുകൾ
- National Savings Scheme – തുക സമാഹരണം സംബന്ധിച്ച്
- ഈ വർഷം Green protocol നടപ്പാക്കിയതിന്റെ റിപ്പോർട്ട്
- മഴവെള്ളസംഭരണികളെകുറിച്ച് (പ്രവർത്തന ക്ഷമമായതും, Repair ആവശ്യമുള്ളതും)
- സ്കൂൾ പരിസരം-വൃത്തിയായി സൂക്ഷിക്കൽ
- ഹരിത വിദ്യാലയ പുരസ്കാരം 2018
- “നമ്മുടെ ആരോഗ്യം" മാസിക-IMA യുടെ
- പോസ്കോ നിയമം-ബാലാവകാശ കമ്മീഷന്റെ ഓൺലൈൻ പരാതിപെട്ടി
- സ്കൂൾ കെട്ടിടങ്ങളുടെ ഉറപ്പ്

(മേൽ പറഞ്ഞവയെ സംബന്ധിച്ചുള്ള ഉത്തരവുകൾ യഥാസമയം mail,website,watsup എന്നിവ മുഖേന എല്ലാവരെയും അറിയിച്ചിട്ടുള്ളതാണ്. ഈ ഉത്തരവുകളെല്ലാം AEO വിന്റെ വെബ്സൈറ്റിൽ ഇപ്പോഴും ലഭ്യമാണ്-Download/Circulars എന്ന ലിങ്കിൽ)

- 2018 February17 വിദ്യാലയങ്ങൾക്ക് പ്രവർത്തിദിനംആണ്.
- **ഒറ്റപ്പാലം മണ്ഡലത്തിലെ "മികവ്" പദ്ധതിയുമായി ബന്ധപ്പെട്ട് എല്ലാ ഒന്നാം ക്ലാസുകളും smart class room ആക്കുന്നതിനുള്ള പദ്ധതിയുമായി ബന്ധപ്പെട്ട് ICT ഉപകരണങ്ങൾ KELTRON മുഖേന നടപ്പാക്കാൻ പദ്ധതിയുടെ ബഹു. എം.എൽ.എ യുടെ അദ്ധ്യക്ഷതയിൽ കൂടിയ കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്. ഇതിനകം class rooms നേരത്തെ പറഞ്ഞ രീതിയിൽ തയ്യാറാക്കിയവർ (wiring,dust free etc..) HM,PTA President,Manager(for aided schools) എന്നിവരുടെ ഒപ്പോടു കൂടി പ്രസ്തുത വിവരം AEO വിൽ (Section F) നൽകണം. ഈ മുൻഗണനയനുസരിച്ചായിരിക്കും ICT ഉപകരണങ്ങൾ വിന്യസിക്കുക.**

**മറ്റ് അറിയിപ്പുകൾ:**

- ഉപജില്ലയിലെ UP തലത്തിലുള്ള കുട്ടികൾക്ക് football മൽസരം നടത്തുന്നു. Date: 3.2.18, Venue: HSS Sreekrishnapuram, Contact No: 9447443025.
- AEO വിന്റെ വെബ്സൈറ്റ് interface നവീകരിച്ചു. Mobile App തയ്യാറിയി. സൈറ്റിൽ നിന്നും download ചെയ്യാം
- watsup/mail/website എന്നിവ വഴി വരുന്ന വിവരങ്ങൾ അതാത് HMs പ്രത്യേകം ശ്രദ്ധിക്കണം. ഉടൻ മറുപടി നൽകേണ്ട വിഷയങ്ങൾക്ക് വേണ്ട പ്രാധാന്യം നൽകണം.

--------------------